REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-05-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ നവീകരിച്ച 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വെർച്വലായി രാജ്യത്തിന് സമർപ്പിക്കും. മാഹി, വടകര, ചിറയൻകീഴ് സ്റ്റേഷനുകളും ഇവയിൽ ഉൾപ്പെടുന്നു.**
- **ഓപ്പറേഷൻ സിന്ദൂർ നടപടിയിൽ നയതന്ത്ര വിശദീകരണം നൽകാൻ രൂപീകരിച്ച ആദ്യ സർവ്വകക്ഷി സംഘം വിദേശത്തേക്ക് പുറപ്പെട്ടു.**
- **സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല യോഗം മലപ്പുറത്ത് തുടരുന്നു.**
- **സ്വർണ വില വർധിച്ചു. പവന് 1,760 രൂപ ഉയർന്ന് 71,440 രൂപയായി.**
- **വടക്കൻ കേരളത്തിൽ ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

രാജ്യത്തെ നവീകരിച്ച 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യത്തിന് സമർപ്പിക്കും.

രാജസ്ഥാനിലെ ബിക്കാനീറിലാണ് ഉദ്ഘാടന ചടങ്ങ്. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെ രാജ്യത്തെ 1300-ഓളം റെയിൽവേ സ്റ്റേഷനുകളാണ് നവീകരിക്കുന്നത്. കേരളമുൾപ്പെടെ 18 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നവീകരിച്ച റെയിൽവേ സ്റ്റേഷനുകളാണ് പ്രധാനമന്ത്രി

രാജ്യത്തിന് സമർപ്പിക്കുന്നത്. സംസ്ഥാനത്തെ വടകര, ചിറയിൻകീഴ് സ്റ്റേഷനുകളാണ് പദ്ധതിയിൽ ഉൾപ്പെട്ടത്. വടകര സ്റ്റേഷൻ 22 കോടി രൂപ ചെലവഴിച്ചും, ചിറയിൻകീഴ് 12 കോടി രൂപ മുടക്കിയുമാണ് അത്യാധുനിക സ്റ്റേഷനുകളാക്കി മാറ്റിയത്.

പദ്ധതിയിൽ നവീകരിച്ച മാഹി സ്റ്റേഷനും നാളെ നാടിന് സമർപ്പിക്കുന്നവയിൽ ഉൾപ്പെടുന്നു. 12 കോടി 61 ലക്ഷം രൂപ ചെലവിലാണ് സ്റ്റേഷൻ നവീകരിച്ചത്. ടിക്കറ്റ് ബുക്കിംഗ് ഓഫീസ്, ടിക്കറ്റ് വില്പന യന്ത്രങ്ങൾ, വിശ്രമ മുറി, ശുചിമുറികൾ , പ്ലാറ്റ്ഫോം ഷെൽറ്ററുകൾ, ഇരിപ്പിടങ്ങൾ, പുതിയ പ്രവേശന കവാടം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

ഓപ്പറേഷൻ സിന്ദൂർ നടപടിയിൽ നയതന്ത്ര വിശദീകരണം നൽകാൻ രൂപീകരിച്ച ആദ്യ സർവ്വകക്ഷി സംഘം വിദേശത്തേക്ക് പുറപ്പെട്ടു. JDU നേതാവ് സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിൽ ഇന്തൊനേഷ്യ, മലേഷ്യ, കൊറിയ, ജപ്പാൻ, സിങ്കപ്പൂർ സന്ദർശനത്തിനാണ് അവർ യാത്ര തിരിച്ചത്.

ഡെസ്ക് റിപ്പോർട്ട്...

..........വോയ്സ്.....

ഭീകരപ്രവർത്തനം പാകിസ്ഥാന്റെ ദേശീയ നയത്തിന്റെ ഭാഗമാണെന്നും ഇക്കാര്യം ലോക രാജ്യങ്ങളെ അറിയിക്കുകയാണ് യാത്രയുടെ ലക്ഷ്യമെന്നും സഞ്ജയ്കുമാർ അറിയിച്ചു. പാകിസ്ഥാൻ പിന്തുണക്കുന്ന ഭീകരവാദത്തെ ലോകത്തിന് മുന്നിൽ തുറന്ന് കാണിക്കും.

ശിവസേന MP ശ്രീകാന്ത് ഷിൻഡെ നേതൃത്വം നൽകുന്ന മറ്റൊരു സംഘവും ഇന്ന് യാത്രയാകും. UAE, ലൈബീരിയ, കോംഗോ, സിയറ ലിയോൺ എന്നീ രാജ്യങ്ങൾ അവർ സന്ദർശിക്കും.

അടുത്ത മാസം അഞ്ചോടെ ഏഴ് സർവകക്ഷി സംഘങ്ങൾ 32 രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കും.

DMK നേതാവ് കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിൽ സ്പെയിൻ, ഗ്രീസ്, സ്ലൊവേനിയ, ലാത്വിയ, റഷ്യ എന്നിവിടങ്ങളിലേക്ക് മറ്റൊരു സംഘവും ഇന്ന് പുറപ്പെട്ടേക്കും.

ഏതുതരം ഭീകരവാദത്തെയും നേരിടാനും, ഭീകരപ്രവർത്തനങ്ങളോട് സന്ധിയില്ലാ നിലപാട് സ്വീകരിക്കാനും ഇന്ത്യയെടുത്ത ഉറച്ച തീരുമാനം, അതുമായി ബന്ധപ്പെട്ട ദേശീയ അഭിപ്രായ സമവായം എന്നിവ സംഘങ്ങൾ വിദേശരാജ്യങ്ങളെ ധരിപ്പിക്കും. പാകിസ്ഥാൻ പിന്തുണയോടെ

ഇന്ത്യയിലുണ്ടായ മുൻകാല ഭീകരാക്രമണങ്ങളും, അതിർത്തി കടന്ന് പാകിസ്ഥാൻ നടത്തുന്ന ഭീകരപ്രവർത്തനങ്ങളും സംഘങ്ങൾ വിശദീകരിക്കും.

✪✪✪

പ്രമുഖ എഴുത്തുകാരനും ചിന്തകനുമായ S. ഗുരുമൂർത്തി ഓപ്പറേഷൻ സിന്ദൂർ എന്ന വിഷയത്തിൽ ഇന്ന് രാജ്ഭവനിൽ സംസാരിക്കും. വൈകിട്ട് നാലിന് ക്ഷണിക്കപ്പെട്ട സദസ്സിന് മുന്നിലാണ് പരിപാടി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ അധ്യക്ഷനായിരിക്കും. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട രാമചന്ദ്രന്റെ കുടുംബാംഗങ്ങൾ പ്രത്യേക ക്ഷണിതാക്കളായി ചടങ്ങിൽ പങ്കെടുക്കും.

✪✪✪

രാജ്യം പ്രതിസന്ധി നേരിടുമ്പോൾ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്ന് ഡോ. ശശി തരൂർ MP പറഞ്ഞു. ഭീകരാക്രമണത്തിനെതിരെ രാജ്യവും സൈന്യവും നിലകൊള്ളുമ്പോൾ രാഷ്ട്രീയ നേതൃത്വം രാജ്യതന്ത്രജ്ഞതയാണ് കാണിക്കേണ്ടതെന്ന് ഡോ. തരൂർ ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ ഭീകര വിരുദ്ധ ദിനം. മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി 1991-ൽ ശ്രീപെരുംപുത്തൂരിൽ വധിക്കപ്പെട്ടതിന്റെ ഓർമ ദിനത്തിലാണ്, ഭീകരതയെ തടയുകയെന്ന ലക്ഷ്യവുമായി എല്ലാ വർഷവും മെയ് 21ന് ദേശീയ ഭീകര വിരുദ്ധ ദിനം ആചരിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്രമോദി രാജീവ് ഗാന്ധിയുടെ രക്തസാക്ഷി ദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജ്ജുൻ ഗാർഖെ, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയ നേതാക്കൾ ന്യൂഡൽഹിയിലെ വീർഭൂമിയിലെത്തി രാജീവ്ഗാന്ധിയുടെ 34-ാം ചരമവാർഷികത്തിൽ ശ്രദ്ധാഞ്ജലി നേർന്നു.

കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജീവ്ഗാന്ധിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി. അനുസ്മരണ സമ്മേളനവും ചേർന്നു.

✪✪✪

അന്താരാഷ്ട്ര യോഗ ദിനത്തിന് യോഗ സംഗം പോർട്ടലിൽ ആയിരത്തിലധികം സംഘടനകൾ രജിസ്റ്റർ ചെയ്തതായി ആയുഷ് മന്ത്രാലയം അറിയിച്ചു. സ്കൂളുകൾ, കോളജുകൾ, കോർപ്പറേറ്റുകൾ, NGO കൾ, റസിഡന്റ് വെൽഫയർ അസോസിയേഷനുകൾ, ഗവൺമെന്റ് വകുപ്പുകൾ എന്നിവ യോഗ പ്രകടനങ്ങൾ നടത്താമെന്ന് അറിയിച്ചിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

മിസോറാമിനെ സമ്പൂർണ സാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിച്ചു. ഈ നേട്ടത്തിന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ മിസോറാം ജനതയെ അഭിനന്ദിച്ചു. മിസോറാം ഗവൺമെന്റിന്റെ കൂട്ടായ പരിശ്രമത്തിന്റേയും ദൃഢനിശ്ചയത്തിന്റേയും ഫലമാണ് നേട്ടമെന്നും മന്ത്രി അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുമ്പോഴും പരിഹാരത്തിന് ശാശ്വത നടപടികൾ ഉണ്ടാവുന്നില്ലെന്ന് പരാതി വ്യാപകമാകുന്നു. വന്യജീവി സംഘർഷം തടയാൻ പ്രഖ്യാപിച്ച പദ്ധതികളിൽ പലതും ഫലം കാണുന്നില്ലെന്ന ആക്ഷേപവും ഉണ്ട്.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.

........വോയ്സ്.......

ഈ വർഷം ജനവാസ മേഖലകളിലെ വന്യമൃഗ ശല്യം ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്ത ജില്ലയാണ് പാലക്കാട്.കഴിഞ്ഞദിവസം എടത്തനാട്ടുകരയിൽ കർഷകൻ വാലിപ്പറമ്പൻ ഉമ്മർ ഉൾപ്പടെ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ കാട്ടാന ആക്രമണത്തിൽ മാത്രം ജില്ലയിൽ 19 പേർക്കാണ് ജീവൻ നഷ്ടമായത്. കാട്ടുപന്നി കുറുകെ ചാടി ഉണ്ടായ വാഹനാപകടത്തിൽ ഉൾപ്പടെ നൂറോളം പേർ കഴിഞ്ഞ 10 വർഷത്തിനിടെ ജില്ലയിൽ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് വനം വകുപ്പിന്റെ തന്നെ കണക്ക്. കഴിഞ്ഞ ദിവസമാണ് ഏറ്റവും ഒടുവിൽ കഞ്ചിക്കോട് കൃഷിയിടത്തിലേക്ക് നടന്നു പോയ കർഷകന് നേരെ ഒറ്റയാന്റെ ആക്രമണമുണ്ടായത്.ഇത്രയൊക്കെ ആയിട്ടും ഇത് തടയാൻ ആവശ്യമായ നടപടികൾ ഫലം കാണാത്തതിലുള്ള പ്രതിഷേധത്തിലാണ് ജനങ്ങൾ.ദ്രുതകർമ സേനകളുടെ കുറവും പൂർത്തിയാവാത്ത പദ്ധതികളും ഒക്കെ പ്രദേശവാസികൾ ചൂണ്ടിക്കാണിക്കുന്നു.അതെ സമയം ഈ വർഷം വന്യ ജീവി ആക്രമണം കുറക്കാൻ ജില്ലയിൽ 10 പുതിയ കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നാണ് വനം വകുപ്പ് അറിയിക്കുന്നത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന ജില്ലാതല യോഗം മലപ്പുറം റോസ് ലോഞ്ച് കൺവൻഷൻ സെന്ററിൽ ആരംഭിച്ചു. വിവിധ മേഖലകളിൽ നിന്ന് തിരഞ്ഞെടുത്തവരുമായി മുഖ്യമന്ത്രി സംവദിച്ചു.

✪✪✪

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകൾ സമ്പൂർണ ക്യാഷ്‌ലെസ് ഓഫീസുകളായി മാറി. സംസ്ഥാനതല പ്രഖ്യാപനം തിരുവനന്തപുരരം പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നടത്തി.

✪✪✪

മലപ്പുറം കാളികാവിൽ ടാപ്പിംഗ് തൊഴിലാളിയെ കൊലപ്പെടുത്തിയ കടുവയെ പിടികൂടാൻ വനംവകുപ്പ് തെരച്ചിൽ ഊർജ്ജിതമാക്കി. ഇതിലെ പുരോഗതി മന്ത്രി AK ശശീന്ദ്രൻ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. കടുവയെ കണ്ടെത്താൻ പറമ്പിക്കുളം കടുവാ സങ്കേതത്തിൽ നിന്ന് കൊണ്ടുവന്ന 30 ക്യാമറകൾ പുതുതായി സ്ഥാപിച്ചു. തെർമ്മൽ ഡ്രോൺ ഉപയോഗിച്ചും തെരച്ചിൽ നടത്തുന്നുണ്ട്. പത്ത് ലൈവ് സട്രീമിംഗ് ക്യാമറകളും സ്ഥാപിച്ചു. കൂടാതെ രണ്ട് കൂടുകളും സ്ഥലത്ത് തയ്യാറിയിട്ടുണ്ട്. വയനാട്, നിലമ്പൂർ സൗത്ത് RRT അംഗങ്ങളാണ് തെരച്ചിൽ നടത്തുന്നത്.

✪✪✪

കണ്ണൂർ തളിപ്പറമ്പിനടുത്ത് കുപ്പത്ത്, ദേശീയപാത നിർമ്മാണത്തിൽ അപാകത ആരോപിച്ച് നാട്ടുകാർ പ്രതിഷേിച്ചു. കനത്ത മഴ പെയ്തതിനെ തുടർന്ന് ദേശീയപാത 66-ൽ നിന്ന് ചെളിയും മണ്ണും സമീപത്തെ റോഡിലും വീടുകളിലും ഒഴുകിയെത്തിയിരുന്നു. നിർമ്മാണത്തിലെ അശാസ്ത്രീയതയാണ് ചെളിയും മണ്ണും ഒഴുകിയെത്താൻ കാരണമെന്നാണ് നാട്ടുകാർ പറയുന്നത്.

മലപ്പുറത്ത് ദേശീയ പാത തകർന്ന സംഭവത്തിൽ നിർമ്മാണക്കമ്പനിയായ KNRC യുടെ ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ് പ്രതിഷേധ സമരം നടത്തി. തൃശൂർ ചാവക്കാട് ഭാഗത്തെ വിള്ളലിനെപറ്റി ജില്ലാ കളക്ടർ റിപ്പോർട്ട് തേടിയിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ കരിപ്പൂരിലെ ഹജ്ജ് ക്യാമ്പ് ഇന്ന് സമാപിക്കും. അവസാന വിമാനത്തിലെ തീർത്ഥാടകർ രാവിലെ ക്യാമ്പിലെത്തി. 88 പുരുഷന്മാരും 81 സ്ത്രീകളും ഉൾപ്പടെ 169 തീർത്ഥാടകരാണ് ഇന്ന് ജിദ്ദയിലേക്ക് യാത്ര തിരിക്കുന്നത്. അവസാന സംഘത്തെ സ്റ്റേറ്റ് ഹജ്ജ്

ഇൻസ്പെക്ടറായി കൊണ്ടോട്ടി അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ M.അബ്ദുൽ ജബ്ബാർ അനുഗമിക്കും.

✪✪✪

12 സ്മാർട്ട് റോഡുകൾ ഉൾപ്പെടെ സംസ്ഥാനത്ത് പൂർത്തിയാക്കിയ 62 റോഡുകളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന വാർത്തകൾ തെറ്റാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

മെയ് 16ന് മുഖ്യമന്ത്രി പിണറായി വിജയൻ ആരോഗ്യപരമായ കാരണങ്ങളാൽ ഉച്ചക്ക് ശേഷം മൂന്ന് പരിപാടികൾ റദ്ദാക്കിയിരുന്നു. എന്നാൽ മറ്റെന്തോ കാരണങ്ങൾ കൊണ്ടാണ് റോഡ് ഉദ്ഘാടന പരിപാടിയിൽ മാത്രം പങ്കെടുക്കാത്തത് എന്ന തരത്തിലാണ് വാർത്തകൾ പ്രചരിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി.

✪✪✪

വടക്കൻ കേരളത്തിൽ ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ടാണ്- കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും.

അടുത്ത നാല് ദിവസത്തിനകം കാലവർഷം കേരളത്തിൽ എത്തിയേക്കും. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിലെ മോശം കാലാവസ്ഥ കണക്കിലെടുത്ത് ശനിയാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സ്വർണ വില വർധിച്ചു. പവന് 1,760 രൂപ ഉയർന്ന് 71,440 രൂപയായി- 8,930 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪

കണ്ണൂർ പഴശ്ശി അണക്കെട്ടിന്റെ രണ്ട് ഷട്ടറുകൾ 30 സെന്റീമീറ്റർ ഉയർത്തി. ഈ മാസം അവസാനത്തോടെ കാലവർഷം ശക്തമാകുമെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജലവിതാനം ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ഷട്ടറുകൾ തുറന്നത്.

വളപട്ടണം പുഴയുടെ തീരവാസികളും പൊതുജനങ്ങളും ജാഗ്രത പാലിക്കണം.

✪✪✪

'OLX' ആപ്പിൽ വ്യാജ പരസ്യം നൽകി വിഴിഞ്ഞം തുറമുഖത്ത് ജോലി വാഗ്ദാനം ചെയ്യുന്നവർക്കെതിരെ  തുറമുഖ കമ്പനി പൊലീസിൽ പരാതി നൽകി.

പരസ്യത്തിലെ നമ്പർ കേന്ദ്രീകരിച്ച് പൊലീസ് അന്വേഷണം ആരംഭിച്ചു. ആരെങ്കിലും തട്ടിപ്പിന് ഇരയായിട്ടുണ്ടോയെന്നും പൊലീസ് അന്വേഷിക്കുന്നുണ്ട്.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*News Team:അനിൽ ചന്ദ്രൻ , ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*